2432
12/3/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നും അംഗൻവാടികൾക്കാവശ്യമായ പ്രീ-സ്കൂൾ കിറ്റുകൾ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉഭ(സാധാ) നം.131/2015/സാ.നീ.വ തീയതി, തിരുവനന്തപുരം, 09.03.2015

---

പരാമർശം : (1) സ.ഉ.(സാധാ) നം. 55/2014/എസ്.പി.ഡി തീയതി 20.9.2014.
(2) സ.ഉ.(സാധാ) നം. 608/2014/സാ.നീ.വ. തീയതി 01.10.2014
(3) കേരളാ സ്റ്റേറ്റ് ബുക്ക്മാർക്കിന്റെ 13.02.2015-ലെ എ/031/15/കെ.എസ്.ബി.എം. നമ്പർ കത്ത്.
(4) 26.02.2015 ലെ സാമൂഹ്യനീതി ഡയറക്ടറുടെ ICDS A1-6141/15 നമ്പർ കത്ത്.

## ഉത്തരവ്

സ്റ്റോർ പർച്ചേയ്സ് മാനുവലിലെ വ്യവസ്ഥകളിൽ ഇളവ് നൽകി ടെണ്ടർ നടപടി ക്രമങ്ങളില്ലാതെ കേരള ബുക്ക് മാർക്കിൽ നിന്നും പ്രീ-സ്കൂൾ കിറ്റുകൾ നേരിട്ട് വാങ്ങുന്നതിന് അംഗൻവാടികൾക്ക് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ടുണ്ടായിരുന്ന WP(C) No. 27588/2014 വ്യവഹാരം തീർപ്പായതിനെത്തുടർന്ന് അംഗൻവാടികൾക്കാവശ്യമായ 2013-14, 2014-15 വർഷങ്ങളിലെ പ്രീ-സ്കൂൾ കിറ്റുകളും നാല് ജില്ലകളിലെ സബല പ്രോജക്ടിലുള്ള ബുക്കുകളും മറ്റ് അനുബന്ധ സാധനങ്ങളും കേരള സ്റ്റേറ്റ് ബുക്ക് മാർക്കിൽ നിന്നുതന്നെ വാങ്ങുന്നതിന് ആവശ്യമായ നിർദ്ദേശം നൽകണമെന്ന് പരാമർശം (3) പ്രകാരം സെക്രട്ടറി, കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് ആവശ്യപ്പെട്ടിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പരാമർശം (1)-ഉം (2)-ഉം പ്രകാരമുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 2013-14, 2014-15 വർഷങ്ങളിലേയ്ക്ക് അംഗൻവാടികൾക്കാവശ്യമായ പ്രീ-സ്കൂൾ കിറ്റുകൾ കേരള സ്റ്റേറ്റ് ബുക്ക് മാർക്ക് മുഖേന വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**കെ.എം.ലീലാമണി.**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി,കേരള സ്റ്റേറ്റ് ബുക്ക് മാർക്ക്. തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
സ്റ്റോർ പർച്ചേയ്സ് വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**